# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.10.2023** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വൈദ്യുതി ഉത്പാദനത്തിലെ സ്വയംപര്യാപ്തത രാഷ്ട്രവികസനത്തിൽ നിർണായകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. തെലങ്കാനയിൽ എണ്ണായിരം കോടി രൂപയുടെയും, ഛത്തീസ്ഗഢിൽ 27,000 കോടി രൂപയുടെയും വികസനപദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിച്ചു

   **PM Modi said that thedevelopment of any nation or state depends upon its self-reliant capacity forelectricity production. PM launched 8000 crore rupee developement project in Telengana and 27 thousand crore rupee projects in Chhattisgarh.**

2. കേരളത്തെ അതിദാരിദ്ര്യമില്ലാത്ത സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യം 2025 നവംബറോടെ കൈവരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   **Kerala Government aims to make Kerala a poverty-free state by 2025 November, says Kerala CM Pinarayi Vijayan at a regional level review meeting held in Kochi**

3. 2023–24 കാലയളവിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ 6.3 ശതമാനം വളർച്ച കൈവരിക്കുമെന്ന് ലോകബാങ്ക്.

   **World Bank retains India's GDP growth at 6.3 % for 2023-24 despite global headwinds**

4. ഏഷ്യൻ ഗെയിംസിൽ പത്താംദിനവും ഇന്ത്യയുടെ മുന്നേറ്റം തുടരുന്നു. ജാവലിൻ ത്രോയിൽ അന്നു റാണിയ്ക്കും, 5000 മീറ്റർ ഓട്ടത്തിൽ പാരുൾ ചൗധരിയ്ക്കും സ്വർണം. 800 മീറ്ററിൽ മലയാളി താരം മുഹമ്മദ് അഫ്സലിന് വെള്ളി.

India's medal hunt continues at the Hangzhou Asian Games. India bagged two gold, two silver and five bronze on Day 10.

5. **കേരളത്തിൽ, തെക്കൻ ജില്ലകളിൽ കനത്ത മഴ തുടരുന്നു. തിരുവനന്തപുരം ജില്ലയിൽ ഇന്ന് ഓറഞ്ച് ജാഗ്രത. മഴക്കെടുതിയിൽ ജില്ലയിൽ കനത്ത നാശനഷ്ടം.**

   Rain havoc continues in Kerala. IMD issued very heavy rainfall alert in capital district Thiruvananathapuram.

6. **ഭൗതികശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനം മൂന്നു ശാസ്ത്രജ്ഞർ പങ്കിട്ടു.**

   The Royal Swedish Academy of Sciences on Tuesday awarded the 2023 Physics Nobel Prize to Pierre Agostini, Ferenc Krausz and Anne L'Huillier

## HEADLINE-1

## EVE. PM-TELANGANA

വൈദ്യുതി ഉത്പാദനത്തിലെ സ്വയംപര്യാപ്തത രാഷ്ട്രവികസനത്തിൽ നിർണായകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. തെലങ്കാനയിൽ എണ്ണായിരം കോടി രൂപയുടെ വികസനപദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിച്ചു. ജനജീവിതത്തെയും വ്യാവസായിക അന്തരീക്ഷത്തെയും വൈദ്യുതി ഉത്പാദനത്തിലെ സ്വയംപര്യാപ്തത ഒരേപോലെ സുഗമമാക്കുമെന്നും പ്രധാന്ത്രി പറഞ്ഞു.

*(Hold voice)*

രാമഗുണ്ടത്ത് എൻടിപിസി 800 മെഗാവാട്ട് സൂപ്പർ താപ വൈദ്യുത പദ്ധതിയുടെ ഒന്നാം ഘട്ടം പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിച്ചു. ഗ്രിഡ് കണക്റ്റിവിറ്റി

മെച്ചപ്പെടുത്തുന്നതിനൊപ്പം സംസ്ഥാനത്ത് ഉപയോഗിക്കുന്ന വൈദ്യുതിയുടെ 85 ശതമാനവും ഇതിലൂടെ ഉൽപ്പാദിപ്പിക്കാൻ സാധിക്കും. സംസ്ഥാനത്തെ വിവിധ റെയിൽ പദ്ധതികൾ , 20 ജില്ലാ ആസ്ഥാനങ്ങളിലെ ക്രിട്ടിക്കൽ കെയർ ബ്ലോക്കുകളുടെ ശിലാസ്ഥാപനം എന്നിവയും അദ്ദേഹം നിർവഹിച്ചു. തെലങ്കാന ഗവർണർ തമിഴിസൈ സൗന്ദരരാജൻ, കേന്ദ്രമന്ത്രി ജി കിഷൻ റെഡ്ഡി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു

## PM CHHATISGARH

പ്രധാനമന്ത്രി നരേന്ദ്രമോദി 27,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് ഛത്തീസ്ഗഡിൽ തുടക്കം കുറിച്ചു. ആദിവാസി മേഖലയായ ബസ്തർ ഡിവിഷനിലെ നഗർനറിൽ സ്ഥാപിച്ച NMDC ഗ്രീൻഫീൽഡ് സ്റ്റീൽ പ്ലാൻറ് അദ്ദേഹം രാഷ്ട്രത്തിന് സമർപ്പിച്ചു. ജഗ്ദൽപുർ റെയിൽവേ സ്റ്റേഷൻ നവീകരണ പ്രവർത്തനങ്ങളുടെ ശിലാസ്ഥാപനവും, അന്താഗഡ്-തരോകി റെയിൽപാതയുടെ ഉദ്ഘാടനവും പ്രധാനമന്ത്രി ചടങ്ങിൽ നിർവഹിച്ചു.

## PRESIDENT-DOMINICAN REPUBLIC

ഡൊമിനിക്കൻ റിപ്പബ്ലിക് വൈസ് പ്രസിഡന്റ് രാക്വെൽ പെന റോഡ്രിഗസ് രാഷ്ട്രപതി ദ്രൗപതി മുർമുവുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങളും നയതന്ത്ര ബന്ധത്തിന്റെ 25-ാം വാർഷികം ആഘോഷിക്കുന്ന വേളയിലാണ് സന്ദർശനം.

ലാറ്റിനമേരിക്കയിലെ ഇന്ത്യയുടെ എട്ടാമത്തെ വലിയ വ്യാപാര പങ്കാളിയാണ് ഡൊമിനിക്കൻ റിപ്പബ്ലിക്ക്.

## HEADLINE-3

## WORLD BANK INDIA

2023-24 കാലയളവിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ 6.3 ശതമാനം വളർച്ച കൈവരിക്കുമെന്ന് ലോകബാങ്ക്. ബാഹ്യമായ പ്രതിസന്ധികൾക്കിടയിലും, ഇന്ത്യ ശക്തമായ സാമ്പത്തിക വളർച്ച തുടരുന്നതായി ലോകബാങ്ക് റിപ്പോർട്ടിൽ പറയുന്നു. ഇന്ത്യയുടെ വളർച്ചാ പ്രവചനം ഏപ്രിലിൽ 6.6 ശതമാനത്തിൽ നിന്ന് 6.3 ശതമാനമായി ലോകബാങ്ക് കുറച്ചിരുന്നു. ആഗോള വെല്ലുവിളികൾക്കിടയിലും, കഴിഞ്ഞ സാമ്പത്തിക വർഷം ഇന്ത്യ 7.2 ശതമാനം വളർച്ച കൈവരിച്ച് അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥകളിലൊന്നായതായും ലോകബാങ്ക് നിരീക്ഷിച്ചു.

## HEADLINE-4

## FUR. REV. ASIAN GAMES UPDATE

ഹാൻചൗ ഏഷ്യൻ ഗെയിംസിൽ പത്താംദിനവും മെഡൽ വേട്ട തുടർന്ന് ഇന്ത്യ. രണ്ട് സ്വർണവും, രണ്ട് വെള്ളിയും, നാല് വെങ്കലവുമാണ് ഇന്ന് ഇന്ത്യ നേടിയത്. 15 സ്വർണവും, 26 വെള്ളിയും, 28 വെങ്കലവും ഉൾപ്പെടെ 69 മെഡലുകളുമായി ഗെയിംസിൽ നാലാം സ്ഥാനത്താണ് ഇപ്പോൾ ഇന്ത്യ. വനിതകളുടെ ജാവലിൻത്രോയിൽ ഇന്ത്യയുടെ അന്നുറാണിയും വനിതകളുടെ 5000 മീറ്റർ ഓട്ടത്തിൽ പാരുൾ ചൗധരിയും സ്വർണം സ്വന്തമാക്കി. 800 മീറ്റർ

ഓട്ടത്തിൽ മലയാളിതാരംമുഹമ്മദ് അഫ്സൽ വെള്ളി നേടി. പുരുഷന്മാരുടെ ഡെക്കാത്തലോണിൽ തേജസ്വിൻ ശങ്കറും ദേശിയ റെക്കോഡോടെ വെള്ളി മെഡൽ നേടി. വനിതകളുടെ 400 മീറ്റർ ഹർഡിൽസിൽ വിദ്യ രാംരാജ് വെങ്കലം നേടി. ബോക്സിങ് 54 കിലോഗ്രാം വനിതാ വിഭാഗത്തിൽ പ്രീതി പവാറും, 92 കിലോഗ്രാം പുരുഷവിഭാഗത്തിൽ നരേന്ദറും വെങ്കലം സ്വന്തമാക്കി. ബോക്സിങ്ങ് 75 കിലോഗ്രാം വനിതാ വിഭാഗത്തിൽ ഇന്ന് തായ്ലൻഡിനെ പരാജയപ്പെടുത്തി ഫൈനലിലെത്തിയ ഇന്ത്യയുടെ ലവ്ലിന ബൊർഗൊഹൈൻ പാരിസ് ഒളിമ്പിക്സിലേക്കും യോഗ്യത നേടി. കാനോ ഡബിൾസ് ആയിരം മീറ്ററിൽ ഇന്ത്യയുടെ അർജുൻ സിങ്ങ് സുനിൽ സിങ്ങ് സഖ്യം വെങ്കലം നേടി. സ്ക്വാഷ് മിക്സഡ് ഡബിൾസ് സെമിയിൽ അനഹത് സിങ് അഭയ് സിങ്ങ് സഖ്യവും, ക്വാർട്ടറിൽ ദീപിക പള്ളിക്കൽ ഹരിന്ദർ പാൽ സിങ്ങ് സഖ്യവും വിജയിച്ചു. സ്ക്വാഷ് പുരുഷ സിംഗിൾസിൽ സൗരവ് ഘോസലും സെമിയിൽ പ്രവേശിച്ചു. അമ്പെയ്ത്ത് സെമിയിൽ അഭിഷേക് വർമ വിജയം നേടി. കഴിഞ്ഞ ഏഷ്യൻ ഗെയിംസിൽ 16 സ്വർണ്ണമടക്കം 70 മെഡലുകളുമായി മെഡൽപട്ടികയിൽ എട്ടാംസ്ഥാനത്തായിരുന്നു ഇന്ത്യ.

## HEADLINE-6

## NOBEL PRIZE-PHYSICS

ഭൗതികശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനം മൂന്നുപേർ പങ്കിട്ടു. ഇലക്ട്രോൺ ഡൈനാമിക്സുമായി ബന്ധപ്പെട്ട പഠനങ്ങൾക്ക് പിയറി അഗസ്റ്റിനി, ഫെറെൻക് ക്രൗസ്, ആൻ ലൂലിയർ എന്നിവർക്കാണ് പുരസ്കാരം. ആറ്റങ്ങൾക്കും തന്മാത്രകൾക്കുമുള്ളിലെ ഇലക്ട്രോൺ

സഞ്ചാരം സംബന്ധിച്ച പഠനങ്ങൾക്ക് പുതിയ ദിശാബോധം പകർന്നു നൽകുന്നതാണ് ഇവരുടെ കണ്ടെത്തലുകൾ.

## HEADLINE-2

## CM-AVALOKANA YOGAM

കേരളത്തെ അതിദാരിദ്ര്യമില്ലാത്ത സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യം 2025 നവംബറോടെ കൈവരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. എറണാകുളത്ത് നടന്ന മേഖലാതല അവലോകന യോഗത്തിന് ശേഷം സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ഇടുക്കി, കോട്ടയം, ആലപ്പുഴ, എറണാകുളം ജില്ലകളുടെ അവലോകന യോഗമാണ് ബോൾഗാട്ടി പാലസിൽ നടന്നത്. ഉച്ച വരെ ജില്ലകളിലെ പ്രധാന പദ്ധതികളുടേയും പരിപാടികളുടേയും അവലോകനവും, ഉച്ചകഴിഞ്ഞ് പൊലീസ് ഉദ്യോഗസ്ഥർ പങ്കെടുത്ത ക്രമസമാധാന പ്രശ്നങ്ങളുടെ അവലോകനവുമാണ് നടന്നത്. ജില്ലകളിലെ പദ്ധതികളുടെ പുരോഗതിയും പരിഹാരം കാണേണ്ട വിഷയങ്ങളും ജില്ലാ കളക്ടർമാർ അവതരിപ്പിച്ചു. കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളുടെ അവലോകന യോഗം മറ്റെന്നാൾ കോഴിക്കോട് ചെറുവണ്ണൂർ മറീന കൺവൻഷൻ സെന്ററിൽ നടക്കും.

## HC-MUHAMED FAIZAL

വധശ്രമ കേസിൽ ലക്ഷദ്വീപ് എംപി മുഹമ്മദ് ഫൈസലും മറ്റ് മൂന്നുപേരും കുറ്റക്കാർ എന്ന് കണ്ടെത്തിയ

കവരത്തി സെഷൻസ് കോടതി ഉത്തരവ് സ്റ്റേ ചെയ്യാൻ ഹൈക്കോടതി വിസമ്മതിച്ചു. എന്നാൽ സെഷൻസ് കോടതി വിധിച്ച 10 വർഷം തടവ് ശിക്ഷ ഹൈക്കോടതി മരവിപ്പിച്ചു. നേരത്തെ കേസിൽ ശിക്ഷ സ്റ്റേ ചെയ്ത് ഹൈക്കോടതി ജാമ്യം അനുവദിച്ചിരുന്നു. ഇതിനെതിരെ ലക്ഷദ്വീപ് ഭരണകൂടം സുപ്രീം കോടതിയിൽ നൽകിയ അപ്പീലിൽ ഹർജി വീണ്ടും പരിഗണിക്കാൻ ഹൈക്കോടതിയ്ക്ക് സുപ്രീകോടതി നിർദ്ദേശം നൽകുകയായിരുന്നു.

## HEADLINE-5

## RAIN

കേരളത്തിൽ കനത്ത മഴ തുടരുന്നു. തിരുവനന്തപുരം ജില്ലയിൽ ഓറഞ്ച് ജാഗ്രതയും, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. തിരുവനന്തപുരം ജില്ലയിലെ താഴ്ന്ന ഇടങ്ങളിൽ വെള്ളക്കെട്ട് രൂക്ഷമാണ്. ഇന്നും നാളെയും കേരള - ലക്ഷദ്വീപ് പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. കൂടാതെ കേരള തീരത്തും തെക്കൻ തമിഴ്നാട് തീരത്തും ഇന്ന് രാത്രിവരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്. മഴക്കെടുതി മൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ അറിയിക്കുന്നതിനും, ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി കൃഷിവകുപ്പ് ജില്ലാതല കൺട്രോൾ റൂമുകൾ തുറന്നു. കർഷകർക്ക് കൺട്രോൾ റൂമുകളിലെ നമ്പരുകളിൽ നേരിട്ട് ബന്ധപ്പെടാം.

## PSC -EXAM

ശക്തമായ മഴ കാരണം തിരുവനന്തപുരം ജില്ലയിൽ നാളെയും മറ്റന്നാളും നടക്കാനിരുന്ന പി എസ് സി പരീക്ഷകൾ മാറ്റി. മറ്റു ജില്ലകളിലെ പരീക്ഷകൾക്ക് മാറ്റമില്ല. അസി.പ്രിസണർ ഓഫീസർ കായികക്ഷമതാ പരീക്ഷയാണ് മാറ്റിവച്ചത്.

## WORLD CUP-CRICKET

കാര്യവട്ടം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിൽ ഇന്ന് നടക്കാനിരുന്ന ഇന്ത്യ - നെതർലൻഡ്സ് ലോകകപ്പ് സന്നാഹ മത്സരം കനത്ത മഴയെത്തുടർന്ന് ഉപേക്ഷിച്ചു. ഒരു ബോൾ പോലും എറിയാനാകാതെയാണ് മത്സരം ഉപേക്ഷിച്ചത്. ഇന്ത്യയുടെ ആദ്യ സന്നാഹ മത്സരവും മഴ മൂലം ഉപേക്ഷിച്ചിരുന്നു. മറ്റന്നാൾ ആണ് ഏകദിന ലോകകപ്പ് ആരംഭിക്കുന്നത്. അഹമ്മദാബാദിൽ നടക്കുന്ന ഉദ്ഘാടന മത്സരത്തിൽ ഇംഗ്ലണ്ട് ന്യൂസിലൻഡിനെ നേരിടും. ഉച്ചയ്ക്ക് രണ്ട് മണിയ്ക്കാണ് മത്സരം.

## EARTHQUAKE

ഡൽഹി ഉൾപ്പെടെ ഉത്തരേന്ത്യയിലെ വിവിധയിടങ്ങളിൽ ഇന്നുച്ച തിരിഞ്ഞ് രണ്ട് തവണ ഭൂചലനം അനുഭവപ്പെട്ടു. റിക്ടർ സ്കെയിൽ 4.6 ഉം 6.2 ഉം തീവ്രത രേഖപ്പെടുത്തിയ ഭൂചലനങ്ങളുടെ പ്രഭവകേന്ദ്രം നേപ്പാൾ ആണെന്ന് നാഷണൽ സെന്റർ ഫോർ സീസ്മോളജി

അറിയിച്ചു. നാശനഷ്ടങ്ങളോ ആളപായമോ റിപ്പോർട്ട് ചെയ്തിട്ടില്ല.

## MAHA-NANDED INCIDENT

മഹാരാഷ്ട്രയിലെ നന്ദേഡ് ആശുപത്രിയിലുണ്ടായ കൂട്ട മരണങ്ങളിൽ അന്വേഷണം നടത്തുമെന്ന് മഹാരാഷ്ട്ര സർക്കാർ. ഇതിനായി ഡോക്ടർമാരുടെ നേതൃത്വത്തിൽ പ്രത്യേക സമിതി രൂപീകരിക്കും. ശനി, ഞായർ ദിവസങ്ങളിലായി 24 മണിക്കൂറിനിടെ 24 മരണമാണ് ആശുപത്രിയിൽ റിപ്പോർട്ട് ചെയ്തത്. ഇതിൽ പലരും ഗുരുതരരോഗം ബാധിച്ചവരാണെന്ന് ആശുപത്രി അധികൃതർ വ്യക്തമാക്കിയിരുന്നു. എന്നാൽ മരുന്ന് ദൗർലഭ്യമാണ് മരണകാരണമെന്നും മഹാരാഷ്ട്രാ ആരോഗ്യമന്ത്രി രാജിവയ്ക്കണമെന്നും പ്രതിപക്ഷം ആവശ്യപ്പെട്ടു.

## EAKATHA DIVAS .V.MURALEEDHARAN

രാജ്യത്തെ ജനങ്ങളിൽ ദേശീയോദ്ഗ്രഥനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സി ആർ പി എഫ് സംഘടിപ്പിക്കുന്ന വനിതാ ഉദ്യോഗസ്ഥരുടെ മോട്ടോർ സൈക്കിൾ റാലിക്ക് മറ്റെന്നാൾ തിരുവനന്തപുരം പള്ളിപ്പുറം സി ആർ പി എഫ് ക്യാമ്പിൽ സ്വീകരണം നൽകും. റാലിയിൽ പങ്കെടുക്കുന്ന വനിതാ ഉദ്യോഗസ്ഥരെ കേന്ദ്ര സഹമന്ത്രി വി.മുരളീധരൻ അനുമോദിക്കും. അന്നേദിവസം കന്യാകുമാരിയിൽ നിന്ന് പുറപ്പെടുന്ന ദക്ഷിണ മേഖല റാലി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ

സഹമന്ത്രി എൽ.മുരുഗൻ ഫ്ലാഗ് ഓഫ് ചെയ്യും. രാഷ്ട്രീയ ഏകതാ ദിവസിന്റെ ഭാഗമായിട്ടാണ് ഒക്ടോബർ 05 മുതൽ 31 വരെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങൾ സന്ദർശിക്കുന്ന തരത്തിൽ സി ആർ പി എഫിലെ വനിതാ ഉദ്യോഗസ്ഥരുടെ റാലി സംഘടിപ്പിക്കുന്നത്.

## SENSEX

രാജ്യത്തെ ഓഹരിവിപണികളിൽ നഷ്ടം. സെൻസെക്സ് 316 പോയിൻറ് നഷ്ടത്തിൽ 65,512 ലും നിഫ്റ്റി 110 പോയിൻറ് നഷ്ടത്തിൽ 19,529 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവിലയിൽ ഇടിവ്. ഗ്രാമിന് 60 രൂപ കുറഞ്ഞ് 5,260-ഉം, പവന് 480 രൂപ കുറഞ്ഞ് 42,080 രൂപയുമാണ് ഇന്നത്തെ വില.